**ഹരിതകേരളം മിഷൻ**
കേരള സർക്കാർ

**01.11.2018**

# പത്രക്കുറിപ്പ്

## സർക്കാർ ഓഫീസുകൾ ഗ്രീൻപ്രോട്ടോക്കോളിലേക്ക്

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും കേരളപ്പിറവി ദിനമായ നവംബർ ഒന്നു മുതൽ ഗ്രീൻ പ്രോട്ടോക്കോൾ നിലവിൽ വന്നു. ഹരിത കേരളം മിഷന്റെയും ശുചിത്വമിഷന്റെയും നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിന് മുന്നോടിയായി വിവിധ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും നോഡൽ ഓഫീസർമാർക്ക് നൽകി വന്ന ഗ്രീൻപ്രോട്ടോക്കോൾ പരിശീലനം പൂർത്തിയായി. സംസ്ഥാന തലത്തിൽ 18 പരിശീലന പരിപാടികൾ ഇതിനായി സംഘടിപ്പിച്ചു. 1224 നോഡൽ ഓഫീസർമാർക്ക് പരിശീലനം നൽകി. സംസ്ഥാനതലത്തിൽ 83 വകുപ്പുകളും 90 പൊതുമേഖലാ സ്ഥാപനങ്ങളും 33 കമ്മീഷനുകളും 33 ക്ഷേമ ബോർഡുകളും 160 ഗവൺമെന്റ് സ്ഥാപനങ്ങളും 399 മറ്റ് സ്ഥാപനങ്ങളും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി. ജില്ലാതലങ്ങളിൽ 1114 ഓഫീസുകളും ഗ്രീൻപ്രോട്ടോക്കോളിലേക്ക് മാറി. ഇതിനു പുറമേ 1224 സർക്കാർ ഓഫീസുകളും ഹരിത ഓഫീസുകളായി മാറുന്നതായി അറിയിച്ചു. ഗ്രീൻപ്രോട്ടോക്കോൾ നടപ്പാക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം ഡിസ്പോസിബിൾ വസ്തുക്കളുടെയും ഉപയോഗം ഓഫീസുകളിൽ ഓഴിവാക്കുന്നതാണ്. നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങളും ഒഴിവാക്കും. സ്റ്റീൽ പാത്രങ്ങളും മറ്റ് പ്രകൃതി സൗഹൃദ വസ്തുക്കളാൽ നിർമ്മിക്കുന്ന പാത്രങ്ങളും സജ്ജീകരിക്കും. ഉപയോഗശൂന്യമായ ഫർണീച്ചറുകൾ പുനരുപയോഗത്തിനായി കൈ മാറും. ഇ–മാലിന്യങ്ങൾ നീക്കം ചെയ്യും. ജൈവ മാലിന്യങ്ങൾ ഓഫീസുകളിൽത്തന്നെ സംസ്ക്കരിക്കും. ജൈവ പച്ചക്കറി കൃഷി, ഓഫീസ് കാന്റീൻ ഹരിതാഭമാക്കൽ, ശുചിമുറി നവീകരണം, ക്യാമ്പസ്, ടെറസ് എന്നിവ ഹരിതാഭമാക്കൽ. എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളിലൂടെ സർക്കാർ ഓഫീസുകളിൽ വിവിധ ഘട്ടങ്ങളിലായി പദ്ധതി പൂർണ്ണമായും നടപ്പിലാക്കും. സംസ്ഥാനം സമ്പൂർണ്ണമായും ഗ്രീൻപ്രോട്ടോക്കോളിലേയ്ക്ക് മാറ്റുന്നതിന് മുന്നോടിയായാണ് ആദ്യഘട്ടമായി സർക്കാർ ഓഫീസുകളിൽ പദ്ധതി നിർബന്ധമാക്കുന്നത്. എല്ലാ മാസവും പദ്ധതി നടത്തിപ്പ് വിവിധ തലങ്ങളിൽ അവലോകനം ചെയ്യും

**ഒപ്പ്/-**
**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**